**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1462** **30-08-2022 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ ജില്ലയിലെ പട്ടയം ലഭിച്ച ഭൂമിയുടെ പോക്കുവരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ വിവിധ വില്ലേജുകളിൽ പട്ടയം ലഭിച്ചിട്ടുള്ള ഭൂമിയുടെ പോക്കുവരവ് ചെയ്ത് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കല്ലൂർ വില്ലേജ്, വട്ടക്കോട്ട് മലദേശത്തെ കർഷകർക്ക് പോക്കുവരവിനായുള്ള ആർ.ഒ.ആർ. (റെക്കോർഡ് ഓഫ് റൈറ്റ്സ്)വില്ലേജിൽ നിന്നും അനുവദിച്ച് നൽകാത്തതുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | മുകുന്ദപുരം താലൂക്കിൽ കല്ലൂർ വില്ലേജിൽ വട്ടക്കോട്ട് മലമ്പ്രദേശങ്ങളിൽ റബ്ബർ കൃഷിക്കായി ഭൂമി പതിവ് ചട്ടം 8 - D of Special Rules Assignment of 'Govt. Lands for Rubber Cultivation' പ്രകാരം പട്ടയം നൽകിയിട്ടുള്ളതാണ്. 'Assignee shall not use the land or suffer it to be used except for the purpose for which is assigned' എന്ന വ്യവസ്ഥയോട്ടുകൂടിയാണ് മേൽ പട്ടയങ്ങൾ അനുവദിച്ചിട്ടുള്ളത്. Special rule for Rubber Cultivation 1960 പ്രകാരം പതിവ് നൽകിയ ഭൂമി പ്രസ്തുത ചട്ടം സബ് റൂൾ 17 പ്രകാരമുള്ള ലൈസൻസ് പരമ്പരാഗതമായി അനുഭവിക്കാവുന്നതും അന്യാധീനപ്പെടുത്തുവാൻ പാടില്ലാത്തതുമാണ്. ഉപനിയമം 20(1) പ്രകാരം ചട്ടങ്ങൾ പാലിക്കുന്നതിനൽ വീഴ്ച വരുത്തുകയോ ലൈസൻസിലെ വ്യവസ്ഥകൾ പാലിക്കാതിരിക്കുകയോ ചെയ്താൽ ലൈസൻസ് റദ്ദ് ചെയ്യാവുന്നതാണ്. ആയതിനാലാണ് ആർ.ഒ.ആർ അനുവദിക്കാത്തത്. |

സെക്ഷൻ ഓഫീസർ